'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായ പാലിയേറ്റീവ് സൊസൈറ്റികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2688/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/11/2019

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27/08/2019ലെ കത്ത്.

2 24/10/2019ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.15 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19ൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ, രജിസ്റ്റർ ചെയ്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സൊസൈറ്റികൾക്കും, പിഎച്ച്സികൾക്കും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകിയിരുന്നു. (കഴിഞ്ഞ വർഷത്തെ ആകെ ചെലവ് 71,89,619/- രൂപ). ഈ വർഷവും ഇതിനായി 72,00,000/- രൂപ അടങ്കലോട്ടുകൂടി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രോജക്റ്റ് (നം.7/20)തയ്യാറാക്കിയിട്ടുണ്ട്. പിഎച്ച്സിയ്ക്കൊപ്പം സി.എച്ച്സികൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം(1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും പരാമർശം (2) കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി 2019-20 വർഷവും നടപ്പിലാക്കുന്നതിനും പിഎച്ച്സിയോടൊപ്പം സി.എച്ച്.സി.കൾക്കും ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

ജില്ലാപഞ്ചായത്ത് സെക്രട്ടറി, ആലപ്പുഴ.

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ ജില്ല.

ജില്ലാ കളക്ടർ, ആലപ്പുഴ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ